പത്രക്കുറിപ്പ്

# പോലീസ് ഉദ്യോഗസ്ഥർക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

# ബാങ്കിന്റെ വക്കീൽ ചമഞ്ഞ് പണം തട്ടിയെടുത്ത പ്രതി പിടിയിൽ

തിരുവനന്തപുരം:- കോവളം പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

കോവളം ജനമൈത്രി പോലീസിന്റേയും വിഴിഞ്ഞം ലയൺസ് ക്ലബിന്റേയും സംയുക്താഭിമുഖ്യത്തിൽ ഡോ.മോഹൻസ് ഡയബറ്റിക് സ്പെഷ്യാലിറ്റി സെന്ററിന്റെ സഹകരണത്തോടെയാണ് ജീവിതശൈലി രോഗനിർണ്ണായക ക്യാമ്പ് സംഘടിപ്പിച്ചത്. എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച തുടരുന്ന ഈ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം കോവളം എസ്.എച്ച്.ഒ പ്രൈജു നിർവഹിച്ചു. ഉദ്ഘാടനചടങ്ങിൽ കോവളം ജനമൈത്രി സി.ആർ.ഒ ബിജു, ബീറ്റ് ഓഫീസർ ഷിബുനാഥ്,









വിഴിഞ്ഞം ലയൺസ് ക്ലബ് സെക്രട്ടറി വിനോദ് കുമാർ എന്നിവർ സംസാരിച്ചു. കോവളം പോലീസ് സ്റ്റേഷനിലേയും കോവളം ടൂറിസം പോലീസിലേയും മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും കുടുംബാംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത്തരത്തിലുള്ള മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും കമ്മീഷണർ അറിയിച്ചു.

# ബാങ്കിന്റെ വക്കീൽ ചമഞ്ഞ് പണം തട്ടിയെടുത്ത പ്രതി പിടിയിൽ

തിരുവനന്തപുരം :- ബാങ്കിന്റെ അഡ്വക്കേറ്റ് എന്ന വ്യാജേന വായ്പാകുടിശ്ശിക സെറ്റിൽ ചെയ്തു കൊടുക്കാമെന്ന് പറഞ്ഞ് മദ്ധ്യവയസ്കനിൽ നിന്നും പണം തട്ടിയെടുത്തയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. അഞ്ചൽ ആയിരനല്ലൂർ അനിറ്റ് ഭവനിൽ അരുൺ (37)-നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്.

2014-നാണ് സംഭവങ്ങളുടെ തുടക്കം. ബാങ്കിന്റെ വക്കീൽ ആണെന്ന് സ്വയം പരിചയപ്പെടുത്തിയ പ്രതി അരുൺ, കാലടി സ്വദേശി സുരേന്ദ്രൻ പിള്ളയെ സമീപിച്ച്, ആയൂർ സെൻട്രൽ ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കാലാവധി കഴിഞ്ഞതിനാൽ കുടിശ്ശിക ഇളവ് ചെയ്ത് തീർത്തു കൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് 25,000/- രൂപ തട്ടിച്ചെടുക്കുകയായിരുന്നു. എന്നാൽ ബാങ്കിൽ പണം അടയ്ക്കാതെ മുങ്ങിയ



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത
അരുൺ (37)

പ്രതിയ്ക്കെതിരെ സുരേന്ദ്രൻപിള്ള 2019–ൽ കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യുകയും തുടർന്ന് കോടതി നിർദ്ദേശിച്ചത് അനുസരിച്ചാണ് വഞ്ചിയൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ അന്വേഷിച്ചു വരവെ ശംഖുമുഖം അസ്സിസ്റ്റന്റ് കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ വഞ്ചിയൂർ എസ്.എച്ച്.ഒ ഡിപിൻ, എസ്.ഐ പ്രജീഷ് കുമാർ, എ.എസ്.ഐ ഹരികുമാർ, സി.പി.ഒ–മാരായ രാജേഷ്, ജിതേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് ഇന്നലെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
11–08–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി